# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1730** — **25.03.2013 ലെ മറുപടിക്ക്**

## സർക്കാർ ജോലി ലഭിക്കുന്നതിന് മലയാള ഭാഷയിലുള്ള അറിവ് നിർബന്ധിതമാക്കിയ നടപടി

**ചോദ്യം**
ശ്രീ. ജോസഫ് വാഴക്കൻ:
ശ്രീ. സി.പി. മുഹമ്മദ്
ശ്രീ. റ്റി.എൻ. പ്രതാപൻ
ശ്രീ. കെ. മുരളീധരൻ

**ഉത്തരം**
ശ്രീ. ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സർക്കാർ മേഖലയിൽ ജോലി ലഭിക്കുന്നതിന് മലയാള ഭാഷയിലുള്ള അറിവ് നിർബന്ധിതമാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) യും (ബി) യും (സി) യും (ഡി) യും | പത്താം ക്ലാസ്സുവരെ മലയാളം ഒരു വിഷയമായി പഠിച്ചിട്ടില്ലാത്തവർ കേരള സർക്കാർ സർവീസിൽ പ്രവേശിച്ചാൽ അവരുടെ പ്രൊബേഷൻ പൂർത്തിയാക്കുന്നതിന് പത്താം ക്ലാസ് മലയാള പാഠാവലിയുടെ നിലവാരത്തിലുള്ള ഒരു പരീക്ഷ വിജയിക്കണമെന്ന വ്യവസ്ഥ കൊണ്ടുവരണമെന്നും ഇപ്പോൾ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥരുടെ കാര്യത്തിൽ ഇതു ബാധകമാക്കണമെന്നും പരീക്ഷാ നടത്തിപ്പിന് കേരള പബ്ലിക് സർവീസ് കമ്മീഷനെ ചുമതലപ്പെടുത്തണമെന്നും സർക്കാർ ഉദ്ദേശിക്കുന്നതായും മലയാളം മിഷന്റെ കീഴിലുള്ള മലയാള ഭാഷാ പഠനത്തിന്റെ ഭാഗമായി സീനിയർ ഹയർ ഡിപ്ലോമാ പരീക്ഷ ജയിച്ചവർക്ക് ഈ പരീക്ഷ എഴുതേണ്ടതില്ല എന്ന വ്യവസ്ഥ ഉൾക്കൊള്ളിക്കണമെന്ന് ഉദ്ദേശിക്കുന്നതായും കേരള പബ്ലിക് സർവീസ് കമ്മീഷനെ അറിയിക്കുകയും പബ്ലിക് സർവീസ് കമ്മീഷന്റെ ഉപദേശം സർക്കാരിനെ അറിയിക്കണമെന്നഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഇക്കാര്യത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മിഷന്റെ ഉപദേശം സർക്കാരിന് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഇത് സംബന്ധിച്ചുള്ള തീരുമാനങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ അറിയിക്കുമോ; | | |
| (സി) | ഏതെല്ലാം നിയമനങ്ങൾക്കാണ് ഈ നിബന്ധന ഏർപ്പെടുത്താനുദ്ദേശിക്കുന്നത്; | | |
| (ഡി) | പ്രസ്തുത തീരുമാനം നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**